# കേരളസർവകലാശാല

നം.പി.ആർ.178/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2020
### ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ / സെന്ററുകൾ എന്നിവിടങ്ങളിലെ 2020–21 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു (**http://admissions.keralauniversity.ac.in**).

എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും എസ്.സി./എസ്.ടി./ എസ്.ഇ.ബി.സി. സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴിയായിരിക്കും അലോട്ട്മെന്റ്. കേരള സർവകലാശാലയുടെ കീഴിൽ ബിരുദാനന്തര ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്ട്സ് ക്വാട്ട പ്രവേശനത്തിനായുള്ള രജിസ്ട്രേഷൻ ഓൺലൈനായി നടത്തുന്നതാണ്. കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

### സ്പോർട്സ് ക്വാട്ട

സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്സ് കോളത്തിന് നേരെ 'യെസ് ' എന്ന് രേഖപ്പെടുത്തണം. സ്പോർട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തിരിക്കണം. സ്പോർട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള കോളേജുകളും ഓപ്ഷനുകളും മാത്രമേ പരിഗണിക്കുകയുള്ളൂ. സ്പോർട്സ് ക്വാട്ട പ്രവേശനം ആഗ്രഹിക്കുന്ന, സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്ത എല്ലാ വിദ്യാർത്ഥികളും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത പ്രൊഫോർമയുടെ പകർപ്പ് അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതിക്കുള്ളിൽ നേരിട്ടോ ഇ-മെയിൽ ആയോ സമർപ്പിക്കേണ്ടതാണ്. ഒരു കോളേജിലെ ഒന്നിലധികം കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട സീറ്റിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലേയ്ക്കെല്ലാം പരിഗണിക്കുന്നതിനായി ഒരു കോളേജിൽ ഒരു പ്രൊഫോർമ സമർപ്പിച്ചാൽ മതി.

### കമ്മ്യൂണിറ്റി ക്വാട്ട

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട സമുദായത്തിലെ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. മെറിറ്റ് അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് ലോഗിൻ ചെയ്ത ശേഷം താൽപര്യമുള്ള വിഷയങ്ങൾ / കോളേജുകൾ പ്രത്യേക ഓപ്ഷനായി നൽകാവുന്നതാണ്. ഓപ്ഷനുകൾ നൽകിയ തിന് ശേഷം സേവ് ചെയ്ത് അതിന്റെ പ്രിന്റൗട്ടെടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കുക. പ്രിന്റൗട്ടിന്റെ പകർപ്പ് കോളേജുകളിലോ സർവകലാശാലയിലോ സമർപ്പിക്കേണ്ടതില്ല. കമ്മ്യൂണിറ്റി ക്വാട്ടക്കു മാത്രമായി പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. നിലവിൽ രജിസ്ട്രേഷനുള്ളവർക്ക് മാത്രം അപേക്ഷ സമർപ്പിക്കാം. നിശ്ചിത സമയം കഴിഞ്ഞ് രജിസ്ട്രേഷൻ നടത്താൻ കഴിയുന്നതല്ല.

## <u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അട യ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.സംശയനിവാരണ ത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ആസ്ഥാന ത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കി യാൽ മതിയാകും.

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടു തൽ വിവരങ്ങൾക്ക് **https://admissions.keralauniversity.ac.in** എന്ന വെബ്സൈറ്റ് സന്ദർശി ക്കുക.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2020</u>
## <u>ഒന്നാം ഘട്ട അലോട്ട്മെന്റ്</u>

കേരള സർവകലാശാലയുടെ 2020-21 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശദാം ശങ്ങൾ വെബ്സൈറ്റിൽ) സെപ്റ്റംബർ 17-ന് വൈകുന്നേരം 5 മണിക്കകം ഓൺലൈനായി ഒടുക്കി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>ടൈംടേബിൾ</u>

2020 സെപ്റ്റംബർ 23 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എസ്സ്. റിസർച്ച് പ്രൊപ്പോ സൽ പ്രിപ്പറേഷൻ ആന്റ് പ്രെസന്റേഷൻ ആന്റ് ഇന്റർഫേസ് വിത്ത് എക്സ്റ്റേണൽ ബോർഡ് (ഐ. ഇ.ബി) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ബി.എ ആന്വൽ സ്കീം പാർട്ട് മൂന്ന് ഇംഗ്ലീഷ്, ഏപ്രിൽ 2020 പരീക്ഷയുടെ വൈവ വോസി സെപ്റ്റംബർ 17, 18, 22, 23 എന്നീ തീയതികളിൽ കേരള സർവകലാശാല സെനറ്റ് ഹാളിലും, സെപ്റ്റം ബർ 23, 24, 25 എന്നീ തീയതികളിൽ കെ.യു.സി.റ്റി.ഇ ബോയിസ് എച്ച്.എസ്.ക്യാമ്പസ് തേവള്ളി, കൊല്ലത്തും , സെപ്റ്റംബർ 24, 25 എന്നീ തീയതികളിൽ എസ്.ഡി. കോളേജ്, ആലപ്പുഴയിലും വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## എൽ.എൽ.ബി പരീക്ഷകൾക്ക് പുതിയ നാല് പരീക്ഷാകേന്ദ്രങ്ങൾ

സെപ്റ്റംബർ 28 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി (ത്രിവൽസരം) എൽ.എൽ.ബി പരീക്ഷകൾക്ക് സർവകലാശാലയുടെ കീഴിലുള്ള ഏഴ് ലോ കോളേജുകൾ കൂടാതെ സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തല, ഗവ.കോളേജ്, നാട്ടകം, കോട്ടയം, ഗവ.കോളേജ് മീഞ്ചന്ത, കോഴിക്കോട്, ഗവ.ട്രെയിനിംഗ് കോളേജ്, തലശ്ശേരി എന്നീ നാലു പുതിയ പരീക്ഷാകേന്ദ്രങ്ങൾ കൂടി അനുവദിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രം മാറി എഴുതുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത വിവരം അവരവരുടെ കോളേജ് പ്രിൻസിപ്പാൾമാരെ സെപ്റ്റംബർ 23 ന് മുൻപ് അറിയിക്കേണ്ടതാണ്.

## പരീക്ഷാഫീസ്

ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് നാലാം സെമസ്റ്റർ (2008 ആന്റ് 2013 സ്കീം) ആറാം സെമസ്റ്റർ (2008 സ്കീം) സപ്ലിമെന്ററി പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ സെപ്റ്റംബർ 23 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 30 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
15.09.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098